**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** **30-08-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസ് വാടക ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന പദ്ധതിയാണ് ആശ്വാസ് വാടക വീട് പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ആലപ്പുഴ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ഒഴിഞ്ഞു കിടക്കുന്ന 50 സെന്റ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ 3 ഡോർമിറ്ററികളും 34 ബാത്ത് അറ്റാച്ച്ഡ് മുറികളും ഉൾപ്പെടുന്ന ആകെ 106 കിടക്കകളുള്ള 3 നില കെട്ടിടം നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. പൈലിംഗ് വർക്ക് പൂർത്തിയായി. പൈൽ ക്യാപ്പിന്റെ നിർമ്മാണം നടന്നു വരികയാണ്.<br><br>തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ 50 സെന്റ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ ആകെ 75 കിടക്കകളുള്ള 2 നില കെട്ടിടം നടപ്പിലാക്കുന്നതിന് 400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്.<br><br>കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 3 നിലകളുള്ള കെട്ടിടത്തിൽ 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് 600 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരന് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ